ഉത്തരം

(എ&ബി) യാചക വിമുക്ത കേരളം പദ്ധതി പ്രകാരം ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള 1945-ലെ മദ്രാസ് പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ടും 1120-ലെ ട്രാവൻകൂർ പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ടും 1120-ലെ കൊച്ചി വാഗ്രൻസി ആക്ടും യാചകവൃത്തി ഫലപ്രദമായി തടയുന്നതിന് പ്രയോജനപ്പെടുന്നില്ല. യാചകവൃത്തി പൂർണ്ണമായും നിരോധിയ്ക്കുന്നതിനും യഥാർത്ഥ യാചകരെ കണ്ടെത്തി അവരെ പുനരധിവസിപ്പിയ്ക്കുന്നതിനുമായി മേൽ സൂചിപ്പിച്ച നിയമങ്ങൾ റദ്ദാക്കി പുതിയ ഒരു നിയമനിർമ്മാണത്തിനായി ഉദ്ദേശിക്കുന്നുണ്ട്.

വനിതാ വികസന കോർപ്പറേഷന്റെ വായ്പാ തിരിച്ചടവ്

300 (3587) ശ്രീ. ജെയിംസ് മാത്യു : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ വികസന കോർപ്പറേഷൻ വായ്പാ തിരിച്ചടവ് ഐ.ഡി.ബി.ഐ. ബാങ്ക് വഴി നടപ്പിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബാങ്കും കോർപ്പറേഷനും തമ്മിലുള്ള ധാരണാപത്രത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇതുമൂലം ഉണ്ടാകുന്ന അധിക നിരക്ക് ഉപഭോക്താവിൽ നിന്നും ഈടാക്കുമോ ; സാമ്പത്തിക നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ നിലനിൽക്കുന്ന ആശങ്ക പരിഹരിക്കുമോ ?

ഉത്തരം

(എ) വനിതാ വികസന കോർപ്പറേഷൻ ഗുണഭോക്താക്കൾക്ക് വായ്പാ തിരിച്ചടവ് ബാങ്ക് വഴി ആക്കുന്നതിന് വേണ്ടി ഐ.ഡി.ബി.ഐ. ബാങ്കുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്.

(ബി) വനിതാ വികസന കോർപ്പറേഷന്റെ ഗുണഭോക്താക്കൾക്ക് കോർ ബാങ്കിംഗ് സംവിധാനമുള്ള ഏതൊരു ബാങ്കിന്റെ ഏത് ശാഖയിൽ നിന്നും അവരുടെ വായ്പാ അക്കൗണ്ടിലേയ്ക്ക് തുക അടയ്ക്കാവുന്നതാണ്. ഗുണഭോക്താവ് ഒടുക്കുന്ന തുക ഉടൻ തന്നെ ഐ.ഡി.ബി.ഐ.-യിലുള്ള കോർപ്പറേഷന്റെ അക്കൗണ്ടിലേയ്ക്കുത്തുകയും അന്നേ ദിവസം തന്നെ ഗുണഭോക്താവിന്റെ വായ്പാ അക്കൗണ്ടിലേയ്ക്ക് വരവ് വയ്ക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാങ്ക് വഴി വായ്പ തിരിച്ചടയ്ക്കുന്നതിന് ഗുണഭോക്താവോ വനിതാ വികസന കോർപ്പറേഷനോ അധികം നിരക്ക് നൽകേണ്ടതില്ല. ആയതിനാൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

(ഡി) വനിതാ വികസന കോർപറേഷന്റെ ഓഫീസുകളിൽ വായ്പ തിരിച്ചയടയ്ക്കുന്നതിന് നിലവിലുള്ള സംവിധാനം തുടരുന്നുണ്ട്. ഓഫീസുകളിൽ എത്തുന്നതിന് വേണ്ടി വരുന്ന സമയ നഷ്ടവും സാമ്പത്തിക നഷ്ടവും ഒഴിവാക്കി ഗുണഭോക്താവിന് തൊട്ടടുത്ത ബാങ്ക് വഴി അധിക നിരക്കുകളൊന്നുമില്ലാതെ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള അധിക സംവിധാനം മാത്രമാണ് കോർപറേഷൻ ഒരുക്കിയിരിക്കുന്നത്. ഗുണഭോക്താവിന്റെ കൈവശമുള്ള ഏത് ചെറിയ തുകയും ബാങ്കിൽ നിക്ഷേപിച്ച കഴിഞ്ഞാൽ വായ്പാ അക്കൗണ്ടിലേയ്ക്ക് അന്നു തന്നെ വരവുവയ്ക്കുന്നതാണ്. പുതിയ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ആശങ്ക ഉണ്ടാകേണ്ട യാതൊരുവിധ സാഹചര്യവും നിലവിലില്ല.

ക്രൈം മാപ്പിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷാ പദ്ധതി

301(3588) ശ്രീ. എം. ഉമ്മർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ശക്തമാക്കുന്നതിന് ക്രൈം മാപ്പിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം സുരക്ഷാ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വകുപ്പുതല ഏകോപനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കേരളത്തിലെ 14 ജില്ലകളിലുമായി 72 സി.ഡി.എസ്.-കളിൽ കുടുംബശ്രീ ക്രൈം മാപ്പിംഗ് നടത്തിയിട്ടുണ്ട്. സംസ്ഥാന, ജില്ലാ തലങ്ങളിൽ തയ്യാറാക്കിയ റിപ്പോർട്ട് കുടുംബശ്രീ പതിനാറാം വാർഷികത്തോടനുബന്ധിച്ച് പ്രകാശനം നടത്തിയിട്ടുണ്ട്. കൂടാതെ സി.ഡി.എസ്. തല ക്രൈം മാപ്പിംഗ് റിപ്പോർട്ട് പ്രകാശനം ജില്ലകളിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly